# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1181 31.10.2019 ൽ മറുപടിക്ക്**

### വിദ്യാഭ്യാസ ജില്ലാ ഉപഡയറക്ടർ കാര്യാലയത്തിന്റെ ശോച്യാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മലപ്പുറം വിദ്യാഭ്യാസ ജില്ലാ ഉപഡയറക്ടറുടെ കാര്യാലയത്തിന്റെ ശോച്യാവസ്ഥ സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) ഉണ്ട്. നിലവിൽ ഡി.ഡി.ഇ ഓഫീസ് പ്രവർത്തിക്കാൻ പര്യാപ്തമായ കെട്ടിടം സിവിൽ സ്റ്റേഷനിൽ ലഭ്യമല്ല . |
| (ബി) കഴിഞ്ഞ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ കണക്കിലെടുത്ത് സിവിൽ സ്റ്റേഷനിലേക്ക് ഓഫീസ് ഷിഫ്റ്റ് ചെയ്യുന്നകാര്യം അടിയന്തരമായി പരിഗണിക്കുമോയെന്ന് അറിയിക്കാമോ; | |
| (സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) ഡി.ഡി.ഇ ആഫീസ് സമുച്ചയങ്ങളിൽ ജി.എച്ച്.സെക്ഷൻ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ അൺഫിറ്റ് ആണെന്ന് 20/06/2017-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന 5.20 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കരാർ വെച്ചിരുന്നു. പക്ഷേ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ കാരണവും മറ്റും ടി പ്രവൃത്തി ചെയ്യേണ്ടതില്ല എന്ന് ഡി.ഡി.ഇ 22.10.2019-ലെ കത്ത് പ്രകാരം കെട്ടിടം വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**